കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2018-2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2-182/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട്,കൽപ്പറ്റ,
തീയതി:23/03/2020

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം,
വയനാട്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1- ലെ 1-18 ,1-20ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി2-182/20

തീയ്യതി:23/03/2020

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.11.2018 മുതൽ 31.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. വസന്ത.പി.എസ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 17.02.2020 മുതൽ 28.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കിഷോർ.എ.ജി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.എം.സമീർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി ഇന്ദു.കെ.നായർ | ഓഡിറ്റർ |
| | | ശ്രീമതി.സൗമ്യ ജോൺ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കുര്യാക്കോസ്.പി.എ | 01.04.2018മുതൽ 31.03.2019വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ബോബൻ ചാക്കോ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ബീന വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ.റിയ ലളീത് | 01.04.2018 മുതൽ 15.06.2018 വരെ |
| | ഡോ.ഷമീർ ടി കെ | 16.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. ശാന്തിനി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ടി.ജി ശിവദാസൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | രജിനി | 01.04.2018 മുതൽ 31.03.2019 വരെ |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രുതി | 1.04.2018 മുതൽ 31.03.2019 വരെ |
| അസി .എഞ്ചിനീയർ | ദൊരൈസ്വാമി | 01.04.2018 മുതൽ 13.03.2019 വരെ |
| | വിവേക് വേണുഗോപാൽ | 14.03.2019 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ് | യമുന | 01.04.2018 മുതൽ 31.03.2019 വരെ |
| വി ഇ ഒ | ശ്രീ.ശ്രീജിത് | 01.04.2018 മുതൽ 31.03.2019 വരെ |
| ട്രൈബൽ എക്സ്റ്റൻഷണൽ ഓഫീസർ | അനിൽ കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം ( ACR) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഡി&ഒ ലൈസൻസ് അപാകതകൾ | 1-12 |
| 13 | തൊഴിൽ നികുതി - രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല | 1-13 |
| 14 | പുനർജ്ജനി വൃദ്ധർക്ക് കമ്പളി വാങ്ങി നൽകൽ- കമ്പളി പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല | 1-14 |
| 15 | തീറ്റപ്പുൽ കൃഷി സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല | 1-15 |
| 16 | നല്ലൂർനാട് ക്യാൻസർ ആശുപത്രിക്ക് വിഹിതം നൽകൽ - വിനിയോഗ | 1-16 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല . | |
| 17 | എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല . | 1-17 |
| 18 | ലൈഫ് ഭവന പദ്ധതി ഒന്നാംഘട്ടം - ഭവന നിർമ്മാണം പൂർത്തിയായില്ല | 1-18 |
| 19 | ലൈഫ് ഭവന പദ്ധതി - മൂല്യനിർണ്ണയത്തേക്കാൾ അധികം തുക നൽകി - | 1-19 |
| 20 | ലൈഫ് ഭവന പദ്ധതി ഒന്നാം ഘട്ടം - എസ്റ്റിമേറ്റിൽ നികുതി ലംസം പ്രൊവിഷനായി ഉൾപ്പെടുത്തി വാല്യേഷൻ നൽകുന്നു | 1-20 |
| 21 | ലൈഫ് ഭവന പദ്ധതി ഒന്നാംഘട്ടം - മുൻ ഭവന പദ്ധതികളിൽ നടപ്പാക്കിയ<br>പ്രവൃത്തികൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീണ്ടും തുക നൽകി | 1-21 |
| 22 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുവായ ന്യൂനതകൾ | 1-22 |
| 23 | ഹരിതകർമ്മസേനയുടെ പ്രവർത്തനം തൃപ്തികരമല്ല | 1-23 |
| 24 | ലൈഫ് ഭവന പദ്ധതി - പ്രവൃത്തികൾ നടത്താതെ തുക നൽകി | 1-24 |
| 25 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 26 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 27 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 29 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 30 | സ്ഥിരനിക്ഷേപം | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 32 | ചാർജ്ജ് / സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| | | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

20/02/2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പുതുക്കിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 16.05.2018 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹4,78,06,576/- |
| വരവ് | ₹ 13,06,56,359 |
| ആകെ | ₹ 17,84,62,935 |
| ചെലവ് | ₹ 14,50,58,019 |
| നീക്കിയിരിപ്പ് | ₹ 3,34,04,916 |

## 1-4 ഫണ്ട് വിനിയോഗം ( ACR)

| | | | | | |
|---|---|---|---|---|---|

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 24548548 | 24548548 | 21189816 | 3358732 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 1186000 | 1186000 | 710000 | 476000 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 11432000 | 11432000 | 9500981 | 1931019 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12622000 | 12622000 | 12393257 | 228743 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4855000 | 48550000 | 3379028 | 1475979 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11394000 | 11394000 | 11135342 | 258658 |
| ബി ഫണ്ട് | - | 35378780 | 35378780 | 35378780 | - |
| ജനറൽ പർപ്പസ് ഫണ്ട് | 19804485 | 9633102 | 29437587 | 7322471 | 22115116 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 235755139 | 158 | 94344159 | 38 | 21 | 73 ശതമാനം |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 2614407 | 2299070 | 88 |
| വെറ്ററിനറി സർജൻ | 7 | 5 | 5180000 | 3388274 | 65.41 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 6 | 6 | 1992000 | 1834281 | 92.08 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 5 | 5 | 1650000 | 1641413 | 99.48 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസസർ | 8 | 3 | 102857500 | 22894955 | 22.26 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | 6 | 6 | 6490700 | 6434901 | 99.14 |
| ട്രൈബൽ എക്സ്റ്റൻഷണൽ ഓഫീസർ | 1 | 1 | 1265000 | 1265000 | 100 |
| സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 25 | 17 | 10408452 | 6655075 | 64 |
| ഹെഡ്മാസ്റ്റർ ജി.എൽ പി. എസ് | 13 | 12 | 3567000 | 3192208 | 89.49 |
| അസിസ്റ്റൻറ് എഞ്ചിനീയർ | 132 | 92 | 44938080 | 30096272 | 67 |
| അസിസ്റ്റൻറ് സെക്രട്ടറി | 6 | 3 | 54792000 | 14642710 | 27 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15160 | 832733 | 847893 | 826970 | 20923 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 65072021 | 65072021 | 65072021 | 0 |
| മെറ്റീരിയൽസ് | 0 | 9766825 | 9766825 | 9766825 | 0 |

തൊഴിലുറപ്പ് പ്ദധതി ഇനത്തിൽ വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ I-6 ( 7,71,85,883 രൂപ ) ഉം , I-14 ( 7,77,93,768 രൂപ ) ഉം പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരം ആകെ ചെലവ് 7,66,60,904 രൂപയാണ്. വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് (RP-31) പ്രകാരം വരവായി 8,32,733 രൂപയും, കൃഷ്ബുക്ക് പ്രകാരം വരവ് 8,27,116 രൂപയുമാണ്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 80880 | 80 |
| കർഷകതൊഴിലാളി പെൻഷൻ | 6880100 | 621 |
| വിധവാപെൻഷൻ | 12214300 | 1036 |
| വാർദ്ധക്യകാലപെൻഷൻ | 12368300 | 1183 |
| വികലാംഗപെൻഷൻ | 3581000 | 301 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |

# 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 95156/- ( തൊണ്ണൂറ്റി അയ്യായിരത്തി ഒരുനൂറ്റി അമ്പത്തിയാറ്) രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ചുവടെ കൊടുക്കുന്നു.

1)സാംഖ്യ രശീതികൾ സ്റ്റോക്കിലെടുക്കുമ്പോൾ സ്റ്റേഷനറി നമ്പർ കൃത്യമായി രേഖപ്പെടുത്തുന്നില്ല. രശീതികൾ സ്റ്റോക്കിലെടുക്കുന്നത് കൃത്യമായി പരിശോധിക്കുന്നില്ല. ഫ്രണ്ട് ഓഫീസിലേക്ക് വിതരണം ചെയ്യുന്ന രശീതികളുടെ എണ്ണം, നീക്കി ബാക്കി എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

2)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം11(4) പ്രകാരം രസീതുകളിലെ തുകകളിൽ തിരുത്തലുകളോ മാറ്റങ്ങളോ വരുത്താൻ പാടില്ല. തെറ്റുകൾ സംഭവിച്ചാൽ അത്തരം രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ ഔട്ട് ഡോർ കളക്ഷനുവേണ്ടി നൽകിയതും ഉപയോഗിച്ചതുമായ തിരുത്തലുകൾ വന്ന മാന്വൽ രശീതികൾ റദ്ദ് ചെയ്തിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ്ചട്ടങ്ങൾ, ചട്ടം 83 പ്രകാരം ഓരോ രശീത് ബുക്കുകളിലുമുള്ള

പേജുകളുടെ എണ്ണം സംബന്ധിച്ച സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ട് എഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ 2018-19 ൽ ഉപയോഗിച്ച മാന്വൽ രശീതിബുക്കുകളിൽ സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ട് എഴുതി സൂക്ഷിച്ചിട്ടില്ല. റദ്ദ് ചെയ്ത രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഉദാ- രശീത് ബുക്ക് നം. 17917 ലെ രശീതി നം. 74 വരെയാണ് ഉപയോഗിച്ചത്. 75 മുതൽ 100 വരെയുള്ള ഉപയോഗിക്കാത്ത രശീതികൾ റദ്ദ് ചെയ്ത് സൂക്ഷിച്ചിട്ടില്ല.

3)ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും 25.02.2020 വരെ മാത്രമാണ് വിവരം എഴുതി പൂർത്തീകരിച്ചിട്ടുള്ളൂ. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ എല്ലാ ദിവസവും 3.00 മണിക്ക് ശേഷം ,അന്നേദിവസം ബാക്കി നിൽക്കുന്ന രസീതുകൾ ഉൾപ്പടെയുള്ള വിവരം എഴുതി പൂർത്തീകരിക്കേണ്ടതും ജൂനിയർ സൂപ്രണ്ട്/ ഹെഡ്ഡ് ക്ലാർക്ക് രജിസ്റ്റർ പരിശോധിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ആയത് ഇവിടെ പാലിച്ചിട്ടില്ല.

4)ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മറ്റി ഉണ്ടെങ്കിലും 15.02.2019 നാണ് അവസാനമായി മീറ്റിംഗ് കൂടിയത്. ഒരു വർഷമായി മോണിറ്ററിംഗ് കമ്മറ്റി കൂടുകയോ ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയോ പഞ്ചായത്ത് ഭരണസമിതിയിൽ ചർച്ച ചെയ്യുന്നതിനായി ശുപാർശകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

5)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6)ധനകാര്യ സ്റ്റാ ന്റിംഗ് കമ്മറ്റി മീറ്റിംഗ് മിനുട്സ് പരിശോധിച്ചതിൽ മുൻമാസത്തിലെ വരവ് ചെലവ് സംബന്ധിച്ച കണക്കുകൾ ചില മാസങ്ങളിൽ പരിശോധിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചതായി കാണുന്നില്ല. ഉദാഹരണം- 2018 നവംബർ, ഡിസംബർ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ മിനുട്സ് ബുക്കിൽ എഴുതുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/01/2020 | 01/11/2019 31/12/19 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 14/09/2009 - | 2004-05 - | 26/10/2009 |

| ജനറലിന്റെ ഓഡിറ്റ് | 26/09/2009 | 2008-09 | |
|---|---|---|---|

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. അപാകതകൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട് .

# 1-12 ഡി&ഒ ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2018-19 ലെ ഡി ആന്റ് ഒ ലൈസൻസുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല

വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ പഞ്ചായത്തിന് കീഴിൽ എത്ര കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമല്ല.

2.കച്ചവടസ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റേഷൻകടകൾ ഡി. ആന്റ് ഒ ലൈസൻസ് എടുത്തിട്ടില്ല.സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 -ാം നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്.

3.ലൈസൻസ് പുതുക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ ,ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്ന തിനുള്ള അപേക്ഷ ഏതൊരുവർഷവും അവസാനിക്കുന്നതിന് മുൻപ് മുപ്പത് ദിവസത്തിന് മുൻപായി സമർപ്പിക്കേണ്ടതാണ്. ഇത് പ്രകാരം 2018-19 വർഷത്തേക്ക് ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2018 മാർച്ച് ഒന്നാം തിയ്യതിക്കകം സമർപ്പിക്കേണ്ടതായിരുന്നു.എന്നാൽ സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷവും ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | തീയ്യതി |
|---|---|---|
| 1 | സാബിഷ് കെ ശിവനാഥ് | 11.04.2018 |
| 2 | എ.പി. നിസാം | 25.04.2018 |

| | | |
|---|---|---|
| 3 | രമാവതി എം.കെ | 20.04.2018 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. .11 /2018-19 തീയ്യതി 27.02.2020 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി - രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പല സ്ഥാപനങ്ങളുടെയും ജീവനക്കാരെ സംബന്ധിക്കുന്ന സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് പരിശോധനക്കായി ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല.ഏതാനം ഉദാഹരണം ചുവടെ ചേർക്കുന്നു.

1. ബി.പി.ഒ മക്കിയാട്

2. എം.ഒ ,ജി.എ.ഡി നിരവിൽപ്പുഴ

3. ആയുഷ് എൻ.ആർ.എച്ച്.എം

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയുടെ വിവരങ്ങൾ ഡി.സി.ബി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രസീത് നം. | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | ആകെ തുക |
|---|---|---|---|---|---|
| 1 | ദീപു ടീ ട്രേഡിംഗ് | 1180030009 | 1800 | 1800 | 3600 |
| 2 | ഗ്രീൻവാലി പെട്രോളിയംസ് | 118010103986<br>118010103987 | 800 | 800 | 1600 |
| 3 | അരോമ ഹോട്ടൽ | 1180060201 | 750 | 750 | 1500 |
| 4 | എ.എം | 1180104869 | - | 1600 | 1600 |

| | | | | | |
|---|---|---|---|---|---|
| | സെബാസ്റ്റ്യൻ | | | | |
| 5 | ജാസിം ഹോളോബ്രിക്സ് ആന്റ് മെറ്റൽസ് | 1180060135 | 600 | 600 | 1200 |
| 6 | നീലാംബരി എക്സ്പോർട്ട്സ് | 118010103942 | | 1080(9 ജീവനക്കാർ @120) | 1080 |
| | ആകെ | | | | 10580/- |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരെ സംബന്ധിക്കുന്ന സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ഡി.സി.ബി രജിസ്റ്ററിൽ ചേർക്കാതെയാണ് 2018-19 ലെ ആകെ കളക്ഷൻ 10,80,940/- രൂപയാണെന്ന് രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

3. ഡി,സി.ബി രജിസ്റ്ററിലെ സംക്ഷിപ്തം പ്രകാരം 2018-19 ലെ ഡിമാന്റും കളക്ഷനും 10,80,940/- രൂപയാണ്. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത ആകെ തുക 1076850/- രൂപയാണ്. വ്യത്യാസം 4,090/-രൂപ.

4. കച്ചവടക്കാരിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതിയുടെ 2018-19 ലെ ആകെ കളക്ഷൻ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവും 3,75,690/- രൂപ ആണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിലെ ഡിമാന്റ് 3,19,990/- രൂപയും, ബാലൻസ് 11,94,959/- രൂപയുമാണ്.

അപാകതകൾ വിശദീകരിക്കുന്നതിനായി നൽകിയ 10/2018-19 തീയ്യതി 27.02.2020-ാം നം. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-14 പുനർജ്ജനി വൃദ്ധർക്ക് കമ്പളി വാങ്ങി നൽകൽ- കമ്പളി പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 224/19 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹1,82,000 |
| | |

| | |
|---|---|
| ഫണ്ട് | ടി.എസ്.പി |
| ബിൽ നമ്പർ ,തീയതി , തുക | 03 / 18-19. 22.01.2019 – ₹1,82,000/- |

ഗ്രാമ പഞ്ചായത്തിലെ വൃദ്ധർക്ക് കമ്പളി വാങ്ങി നൽകുകയായിരുന്ന പദ്ധതിയുടെ ലക്ഷ്യം. 350 കമ്പളികൾ ഗീതാ സ്റ്റോർസ് കൽപ്പറ്റ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ ബി-2258 തീ-16/01/2019). ഓഡിറ്റിന് സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ 318 ഗുണഭോക്താക്കളുടെ കൈപ്പറ്റ രശീതിമാത്രമാണ് ഉള്ളത്. 32 കമ്പളികൾ വിതരണം നടത്തിയതായി കാണുന്നില്ല . കമ്പിളികൾ പൂർണ്ണമായും വിതരണം നടത്താത്തതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 9/18-19/ 26.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പിളികൾ പൂർണ്ണമായും വിതരണം നടത്താത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. വിതരണം നടത്താൻ അവശേഷിക്കുന്ന 32 കമ്പിളികളുടെ വിലയായ 16,640 രൂപ ( 32 * 520 = 16,640 ) തടസ്സത്തിൽ വെക്കുന്നു.

# 1-15 തീറ്റപ്പുൽ കൃഷി സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്00-27 / 19 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹3,00,000 |
| ഫണ്ട് | വികസന ഫണ്ട് (പൊതു വിഭാഗം) |
| ബിൽ നമ്പർ ,തീയതി , തുക | 1. 9 /18-19 . 29.03.2019- ₹97,400<br>2. 7 /18-19 . 29.03.2019 – ₹2,02600 |

ഗ്രാമ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് തീറ്റപ്പുൽ കൃഷി നടത്തുന്നതിന് സബ്സിഡി നൽകുകയായിരുന്ന പദ്ധതിയുടെ ലക്ഷ്യം, തീറ്റപ്പുൽ കൃഷി സബ്സിഡി ഇനത്തിൽ 3,00,000 രൂപ ഗുണഭോക്തകൾക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്തകളുടെ അപേക്ഷ, തീറ്റപ്പുൽ കൃഷി നടത്തിയ സ്ഥലത്തിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് സമർപ്പിച്ച ഫയലിൽ ഇല്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02 /18-19 തിയതി 25.02,2020) മറുപടി സമർപ്പിച്ചിട്ടില്ല . പദ്ധതിക്ക് ചെലവഴിച്ച 3,00,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-16 നല്ലൂർനാട് ക്യാൻസർ ആശുപത്രിക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0226 / 19 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ . പി എച്ച്. സി |
| അടങ്കൽ | ₹3,00,000 |
| ഫണ്ട് | വികസന ഫണ്ട് (പൊതു വിഭാഗം) |
| ബിൽ നമ്പർ ,തീയതി , തുക | 08 / 18-19/ 30.07.2018 . ₹3,00,000 |

നല്ലൂർനാട് ക്യാൻസർ ആശുപത്രിക്ക് ഗ്രമ പഞ്ചായത്ത് വിഹിതിമായി 3,00,000 രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം തുക കൈപ്പറ്റിയ സ്ഥാപനം ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിൻെറ അഭാവത്തിൽ 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്-05 / 19 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ,ജി . എൽ .പി.എസ്. പുതുശേരി |
| അടങ്കൽ | ₹10,00,000 |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഭാഗം ) |
| ബിൽ നമ്പർ ,തീയതി , തുക | 03/18-19. 20.07.2018 . ₹10,00,000 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് -പ്രോജക്ട് നമ്പർ | എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ -06 / 19 |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ,ജി . എൽ .പി.എസ് .പുതുശേരി |
| അടങ്കൽ | ₹5,00,000 |
| | |

| | |
|---|---|
| ഫണ്ട് | ടി.എസ്.പി |
| ബിൽ നമ്പർ ,തീയതി , തുക | 04 / 18-19. 20 .07.2018 . 5,00,000 |

പഞ്ചായത്തിന്റെ എസ്.എസ്.എ വിഹിതമായി ജനറൽ ഫണ്ട് ഇനത്തിൽ 10,00,000/- രൂപയും. ടി.എസ്.പി ഫണ്ട് ഇനത്തിൽ 5,00,000 രൂപയുംഎസ്.എസ്.എ.യ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും, തുകയുടെ വിനിയോഗസാക്ഷ്യപത്രവും ഭൗതീക നേട്ട റിപ്പോർട്ടും എസ്.എസ്.എ നാളിതുവരെ നിർവഹണ ഉദ്യോഗസ്ഥന് നൽകിയിട്ടില്ല .വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് . വിനിയോഗ സാക്ഷ്യപത്രത്തിൻെറ അഭാവത്തിൽ 15,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-18 ലൈഫ് ഭവന പദ്ധതി ഒന്നാംഘട്ടം - ഭവന നിർമ്മാണം പൂർത്തിയായില്ല

പഞ്ചായത്തിൽ ലൈഫ് ഒന്നാംഘട്ടം ഭവനപദ്ധതിയിൽ കരാറിലേർപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിലെ 53 ഗുണഭോക്താക്കളിൽ 23 ഗുണഭോക്താക്കളും, ജനറൽ വിഭാഗത്തിലെ 2 പേരും നാളിതുവരെയായും വീട് പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈഫ് ഐഡി നമ്പർ | ഗുണഭോക്താവിന്റെ പേര് | ലൈഫ് ഭവന പദ്ധതി എസ്റ്റിമേറ്റ് | ലൈഫ് ഭവന പദ്ധതി പ്രകാരം നാളിതു വരെ നൽകിയ തുക | ലൈഫ് ഭവന പദ്ധതിയിൽ പൂർത്തീകരിച്ച ഘട്ടം | നിർവ്വഹണ ഉദ്യോഗ സ്ഥൻ |
|---|---|---|---|---|---|---|
| 1 | 26553 | രാധ രാജൻ | 402000 | 374000 | പ്ലാസ്റ്ററിംഗ് | ടി.ഇ.ഒ |
| 2 | 27011 | ചന്ദ്രൻ രാമൻ , കാർക്കോട്ടിൽ | 450000 | 394000 | ലിന്റൽ | ടി.ഇ.ഒ |
| 3 | 27287 | ഷീജ ഉദയൻ | 355000 | 330000 | മേൽക്കൂര | ടി.ഇ.ഒ |
| 4 | 27468 | മഞ്ജു , പൊരിഞ്ചേരിമല | 365000 | 335000 | മേൽക്കൂര | ടി.ഇ.ഒ |
| 5 | 27867 | ലീല സുനിൽ , കാരാമൽ | 170000 | 140000 | ഭിത്തി തേപ്പ് | ടി.ഇ.ഒ |
| 6 | 27928 | ബിന്ദു കയമ | 180000 | 1,12,000 | എസ്റ്റിമേറ്റ് പ്രകാരമുള്ള ഏതെല്ലാം ഇനങ്ങൾ | ടി.ഇ.ഒ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ചെയ്തു എന്ന് ലഭ്യമല്ല . | |
| 7 | 27976 | ബിന്ദു പുതിയടത്ത് കൊമ്പിൽ | 2,55,000 | 2,30,000 | മേൽക്കൂര , ഭിത്തി തേപ്പ് | ടി.ഇ.ഒ |
| 8 | 28115 | പുഷ്പ ചാലിൽ | 428000 | 400000 | ലിന്റൽ | ടി.ഇ.ഒ |
| 9 | 28180 | ജാനു കുഞ്ഞോം കോളനി | 5,00,000 | 4,30,000 | മേൽക്കൂര , ഭിത്തി തേപ്പ് | ടി.ഇ.ഒ |
| 10 | 28627 | അണ്ണൻ (ബാലൻ ), കല്ലുമൊട്ടമ്മൽ | 455000 | 4,24,000 | മേൽക്കൂര | ടി.ഇ.ഒ |
| 11 | 29447 | ചന്ദ്രൻ ചോലയിൽ വീട് | 1,05,000 | 60000 | എസ്റ്റിമേറ്റ് പ്രകാരമുള്ള ഏതെല്ലാം ഇനങ്ങൾ ചെയ്തു എന്ന് ലഭ്യമല്ല . | ടി.ഇ.ഒ |
| 12 | 29549 | അപ്പുക്കുട്ടൻ, വീട്ടിയമ്പറ്റ കോളനി | 1,25,000 | 1,10,000 | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല. | ടി.ഇ.ഒ |
| 13 | 29618 | വിജയലക്ഷ്മി , താന്നിക്കണ്ടി | 1,50,000 | 1,00,000 | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല. | ടി.ഇ.ഒ |
| 14 | 29736 | ലീല ചന്തു, കല്ലുമൊട്ടമ്മൽ | 5,00,000 | 4,70,000 | ഭിത്തി തേപ്പ് | ടി.ഇ.ഒ |
| 15 | 29741 | ബാലൻ രാമൻ , മണക്കണ്ടെ ത്തിൽ | 5,00,000 | 4,50,000 | മേൽക്കൂര | ടി.ഇ.ഒ |
| 16 | 29799 | ലീല വിനോദ് , മാമ്പട്ടി കോളനി | 175000 | 150000 | മേൽക്കൂര , ഭിത്തി തേപ്പ് | ടി.ഇ.ഒ |
| 17 | 30160 | ചന്തു ( s/o കുംഭ മരാടി) | 337000 | 315000 | ലിന്റൽ | ടി.ഇ.ഒ |
| 18 | 31097 | അണ്ണൻ പി | 155000 | 80000 | ലഭ്യമല്ല | ടി.ഇ.ഒ |
| 19 | 32719 | ചണ്ണ , കല്ലറ കോളനി | 50000 | 20000 | എസ്റ്റിമേറ്റ് പ്രകാരമുള്ളഒരു പ്രവൃത്തികളും ചെയ്തിട്ടില്ല. | ടി.ഇ.ഒ |
| 20 | 33245 | പ്രീത രാമൻ , ചേലാറ്റിൽ | 2,20,000 | 2,00,000 | എസ്റ്റിമേറ്റ് പ്രകാരമുള്ള ഒരു | ടി.ഇ.ഒ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പ്രവൃത്തികളും ചെയ്തിട്ടില്ല. | |
| 21 | 33320 | ചാല വെള്ളി | 500000 | 4,85,000 | മേൽക്കൂര , ഭിത്തി തേപ്പ് പൂർത്തിയായി | ടി.ഇ.ഒ |
| 22 | 34731 | ശോഭ ബാലൻ , നീലോത്ത് വീട് | 500000 | 475000 | ലിന്റൽ | ടി.ഇ.ഒ |
| 23 | 35090 | പുഷ്പ ബാലൻ , റാട്ടക്കൊല്ലി | 150000 | 140000 | ലഭ്യമല്ല. | ടി.ഇ.ഒ |
| 24 | - | ബാബുരാജ് ,നെടുംതൊടി | ബാധകമല്ല | 2,52,000 | മേൽക്കൂര | വി.ഇ.ഒ |
| 25 | - | മരക്കാർ | ബാധകമല്ല | 1,15,000 | ലൈഫ് പദ്ധതിയിൽ നിർമ്മിച്ച തറ പ്രളയത്തിൽ തകർന്നതിനാൽ ഭവന നിർമ്മാണം തുടർന്നിട്ടില്ല. | വി.ഇ.ഒ |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/18-19/26.02.2020)മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ജി.ഒ. (എം.എസ്.) നം. 196/2017 തസ്വഭവ തിയ്യതി 11/10/2017) ഭവന പൂർത്തീകരണത്തിന് മുൻകൂർ അനുവദിക്കാവുന്നതും ആകെ തുകയുടെ 50% നൽകാവുന്നതുമാണ്. പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണത്തിന് ഓരോ ഘട്ടത്തിനും മുൻകൂർ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഭവന നിർമ്മാണത്തിൻെറ 50% (ലിൻറൽ നിരപ്പ് വരെ) പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് ആകെ എസ്റ്റിമേറ്റിൻെറ 80% ൽ അധികം തുകയും (ക്രമ നം. 2,ക്രമ നം8,ക്രമ നം17,ക്രമ നം 22 ) നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് 31/03/2018 ന് പൂർത്തീകരിക്കേണ്ട ഭവനങ്ങൾ നാളിതുവരെയായിട്ടും പൂർത്തിയാക്കാത്തത് കർമ്മസമിതിയുടെ കാര്യക്ഷമമായ ഇടപെടൽ ഇല്ലാത്തതുകൊണ്ടാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്.

## 1-19 ലൈഫ് ഭവന പദ്ധതി - മൂല്യനിർണ്ണയത്തേക്കാൾ അധികം തുക നൽകി -

ലൈഫ് ഭവന പദ്ധതി ഒന്നാംഘട്ടത്തിൽ പട്ടിക വർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താവായ ശ്രീമതി ലീല കരിക്കൻ എന്നവരുടെ ഭവന പൂർത്തീകരണത്തിന്

95000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭവന നിർമ്മാണം പൂർത്തിയായ വേളയിൽ നൽകിയ മൂല്യനിർണ്ണയ പത്രികയിൽ (അസി.എഞ്ചിനീയർ ( PWD) ,ഐ.റ്റി. ഡി.പി യുടെ നമ്പർ - 270/2018 / 30.07.2018 ) താഴെ പറയുന്ന തരത്തിൽ പ്രവർത്തികൾ ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ ഇനം | അളവ് /തുക |
|---|---|---|
| 1 | പ്ലാസ്റ്ററിംഗ് ( 1:4 ) | 182.80m2 @ 282.64 = 51667 |
| 2 | വൈറ്റ് വാഷ് | 158.3 m2 @31.3=4955 |
| 3 | ജനൽ പാളി , വാതിൽ പാളി | 3.39m2 @ 2855.39 = 9680 |
| 4 | ഫ്ലോറിംഗ് ( സിമന്റ് കോൺക്രീറ്റ് ) ( 1:4) | 27.08m2 @461.63 = 12501 |
| 5 | വയറിംഗ്<br>(എസ്റ്റിമേറ്റിൽ ഈ ഇനം പ്രവൃത്തിക്ക് തുക വകയിരുത്തിയിട്ടില്ല) | 13000 |
| | ആകെ | 91803 |

ആകെ നൽകിയത് 95000/- രൂപയാണ് (ബിൽ നം.01/18-19/31.03.2018 – 50,000/- ,ചെക്ക് നമ്പർ 57692/ 15.03.2018- 45000/-). 3,197 രൂപ അധികം നൽകിയിട്ടുണ്ട്. മൂല്യനിർണ്ണയത്തേക്കാൾ കൂടുതൽ തുക ഗുണഭോക്താവിന് നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 8/18-19/27.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. 3,197/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-20 ലൈഫ് ഭവന പദ്ധതി ഒന്നാം ഘട്ടം - എസ്റ്റിമേറ്റിൽ നികുതി ലംസം പ്രൊവിഷനായി ഉൾപ്പെടുത്തി വാലേഷൻ നൽകുന്നു

ലൈഫ് ഭവന പദ്ധതി ഒന്നാംഘട്ടത്തിൽ പട്ടിക വർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നികുതികൾക്കായി മൊത്തം തുക (lump sum) യായി നീക്കി വെച്ചിരിക്കുന്നു. ഈ തുക ഉൾപ്പടെയാണ് എസ്റ്റിമേറ്റായി കണക്കാക്കി തുക നൽകുന്നത്. നേരിട്ട് ഗുണഭോക്താക്കൾ

പ്രവൃത്തി നടത്തുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് എസ്റ്റിമേറ്റിൽ നികുതികൾക്കായി തുക വകയിരുത്തിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. നികുതിയ്ക്കായി എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത് അംഗീകരിക്കാത്തക്കതല്ല. ഇത്തരത്തിൽ അധിക തുക നൽകിയിട്ടുള്ളവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ലൈഫ് ഐഡി നമ്പർ | ഗുണഭോക്താവിന്റെ പേര് | ലൈഫ് ഭവന പദ്ധതി എസ്റ്റിമേറ്റ് | നികുതി ഉൾപ്പെടെയുള്ള ലംസം തുക | ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള മൂല്യ നിർണ്ണയം | വാല്യേഷൻ നടത്തിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | 29545 | കുമാരി നെല്ലേരിമന്ദം കോളനി | 300000 | 12358 | 300000 | ഓവർസീയർ , എൽ.എസ്. ജി.ഡി തൊണ്ടർനാട് ഗ്രാ.പ 18/12/2018 |
| 2 | 80321 | ബിന്ദു ചന്ദ്രിക | 165000 | 8619 | 165000 | ഓവർസീയർ , എൽ.എസ്.ജി.ഡി തൊണ്ടർനാട് ഗ്രാ.പ 22/09/2018 |
| 3 | 80319 | ഷൈലജ പാലൻ | 165000 | 8619 | 165000 | ഓവർസീയർ , എൽ.എസ്.ജി.ഡി തൊണ്ടർനാട് ഗ്രാ.പ 5/8/2019 |
| 4 | 28867 | ലീല കരിക്കൻ, കൊന്നിയോട് | 95000 | 16198 | 95000 | അസി.എഞ്ചിനീയർ ( PWD) ,ഐ. റ്റി. ഡി.പി 30.07.2018 |
| 5 | 30137 | കീര പ്ലാമൂല | 4,20,000 | 8374 | 4,20,000 | ഓവർസീയർ , എൽ.എസ്. ജി.ഡി തൊണ്ടർനാട് ഗ്രാ.പ 02.03.2019 |
| 6 | 32979 | ലക്ഷ്മി അണ്ണൻ | 55,000 | 7465 | 55,000 | ഓവർസീയർ , എൽ.എസ്. ജി.ഡി തൊണ്ടർനാട് ഗ്രാ.പ 12.09.2018 |

പട്ടികയിൽ സൂചിപ്പിച്ച ഗുണഭോക്തക്കളുടെ ഭവന പൂർത്തീകരണ സാക്ഷ്യപത്രത്തിൽ ഏതെല്ലാം ഇനങ്ങൾ എത്ര അളവിൽ ചെയ്തു എന്ന് വ്യക്തമല്ല. ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടാക്സ് ഉൾപ്പെടെയുള്ള തുകയ്ക്ക് വാല്യേഷൻ നടത്തി തുക പൂർണ്ണമായും നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 8/18-19/27.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-21 ലൈഫ് ഭവന പദ്ധതി ഒന്നാംഘട്ടം - മുൻ ഭവന പദ്ധതികളിൽ നടപ്പാക്കിയ പ്രവൃത്തികൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീണ്ടും തുക നൽകി

പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തികരണത്തിനുള്ളമാർഗ്ഗനിർദ്ദേശങ്ങളിലെ (ജി.ഒ.(എം.എസ്.) നം.196/2017/തസ്വഭവ തീയതി 11.10.2017)ഖ നം. VI - പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് യഥാർത്ഥ നിർമ്മാണ ചെലവിന് അർഹതയുണ്ടായിരിക്കുന്നതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ കാലപ്പഴക്കംകൊണ്ട് നിലവിൽ പൂർത്തീകരിച്ചഘട്ടം ഉപയോഗ ശൂന്യമാണെങ്കിൽ ആയത്, റ്റി.പി.റ്റി.എയോ കർമ്മസമിതിയോ, ഓരോ ഭവനവും സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ പൂർത്തികരിച്ച ഘട്ടം ഉപയോഗ ശൂന്യമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2010-11 , 2011-12 ൽ പട്ടികജാതി വനിതാ ഭവന / പട്ടികജാതി ഭവന പദ്ധതിപ്രകാരം നടപ്പാക്കിയ ഭവനനിർമ്മാണ പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത ഭവന നിർമ്മാണ പ്രവൃത്തികൾ ലൈഫ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻ പദ്ധതികളിൽ പൂർത്തീകരിച്ച ഇനങ്ങൾക്ക് വീണ്ടും അതേ ആവശ്യത്തിന് തുക വകയിരുത്തി ലൈഫ് പദ്ധതിയിലും തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ മുമ്പ് പൂർത്തീകരിച്ച ഘട്ടംഉപയോഗ ശൂന്യമാണന്ന് സാക്ഷ്യപ്പെടുത്തൽ ഇല്ല. ലൈഫ് പദ്ധതിക്ക് സമർപ്പിച്ച അപേക്ഷയിൽ നിലവിലെ അവസ്ഥ രേഖപ്പെടുത്തിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, ലൈഫ് ഐ.ഡി. നം. | മുൻപദ്ധതി പ്രകാരം പൂർത്തി യാക്കിയ ഘട്ടം | ഗ്രാമപഞ്ചായത്തിന്റെ മുൻ ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക | ലൈഫ് എസ്റ്റിമേറ്റ് തുക | ലൈഫ് പൂർത്തിയായ ഘട്ടം/ നൽകിയ തുക | പൂർത്തിയായ ഘട്ടത്തിന് വകയി രുത്തിയ തുക |
|---|---|---|---|---|---|---|
| 1 | രാധ രാജൻ , പൊരിഞ്ചേരിമല കോളനി ഐ.ഡി നം. | ഭിത്തി | 106250/- | 4,02,000/ | ഭിത്തി തേപ്പ് 3,74,000 | ഐറ്റം നമ്പർ 1,2,3, 7 1,26,583/- |

| | | | | | | |
|---|---|---|---|---|---|---|
| 2 | ബിന്ദു കയമ ,<br>അരിമല കോളനി<br>ഐ.ഡി നം. 27928 | മേൽക്കൂര , ഭിത്തി തേപ്പ് പൂർത്തിയായി | 1,87,500 | 1,80,000 | എസ്റ്റിമേറ്റ് പ്രകാരമുള്ള ഏതെല്ലാം ഇനങ്ങൾ ചെയ്തു എന്ന് ലഭ്യമല്ല .<br>1,12,000/- | ഐറ്റം നമ്പർ 6,7<br>65059/- |

<u>റിമാർക്സ്</u>

ക്രമനം . 1 – മുൻ പദ്ധതിയിൽ 106250/- രൂപ അനുവദിക്കുകയും ഭിത്തി വരെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വേളയിൽ ഹാജരാക്കിയ ഫോട്ടോ പ്രകാരം ജനൽ പൊക്കം വരെ നിർമ്മാണം പൂർത്തിയായതായും പ്ലാസ്റ്റിക് കൊണ്ട് മേൽക്കൂര നിർമ്മിച്ചതായും കണ്ടു. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് എൽ. എസ്. ജി. ഡി എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ബെൽറ്റ് വാർക്കുന്നത് മുതലുള്ള പ്രവർത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട് ( എസ്റ്റിമേറ്റ് ഐറ്റം നമ്പർ 1,2,3, 7 എന്നിവ ബെൽറ്റ് വാർക്കുന്നതിനും ഭിത്തി കെട്ടുന്നതിനുമുള്ള പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റാണ് ).

ക്രമ നം. 2.മുൻ പദ്ധതിയിൽ ( പട്ടിക ഭവന പദ്ധതി 2011-12 ൽ ) 1,87,500- രൂപ അനുവദിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വേളയിൽ ഹാജരാക്കിയ ഫോട്ടോ പ്രകാരം മേൽക്കൂര നിർമ്മാണം പൂർത്തിയായതായും ഭിത്തി തേപ്പ് പൂർത്തിയായതായും കാണുന്നു. മേൽക്കൂര ഓടിട്ടതാണ് . ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് എൽ. എസ്. ജി. ഡി എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഭിത്തി തേപ്പ് , സീലിംഗ് തേപ്പ് , തറ കോൺക്രീറ്റിംഗ് , ജനൽ ,വാതിൽ പാളികൾ , ശുചിമുറി നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. എസ്റ്റിമേറ്റ് ഐറ്റം നമ്പർ 6, 7 എന്നിവ നിർമ്മാണം പൂർത്തിയായ ഭിത്തി തേപ്പ് , മേൽക്കൂര തേപ്പ് എന്നീ പ്രവൃത്തികൾക്കുള്ള തുകയാണ്. ലൈഫ് പദ്ധതിയിൽ മുൻകൂറായി 1,12,000 രൂപ നൽകിയിട്ടുണ്ടെങ്കിലും ഏതെല്ലാം പ്രവർത്തികളാണ് ചെയ്തതെന്ന വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

മുൻ പദ്ധതിയിൽ പൂർത്തീകരിച്ച ഇനങ്ങൾക്ക് വീണ്ടും തുക അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/18-19/26.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-22 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുവായ ന്യൂനതകൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.റോഡ് രജിസ്റ്റർ, കണക്കുവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നില്ല.

2) റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ,ചിലതിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.ചെയിനേജ് ഇല്ലാത്തതിനാൽ ഓരോ റോഡിലും എവിടെ പ്രവൃത്തി നടത്തിയെന്ന് കണ്ടെത്താനായില്ല.

3)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല.

4)പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.

5) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങളില്ല.

6)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ടസ് ബുക്കിൽ പ്രോജക്റ്റ് രൂപികരണവും നിർവ്വഹണവും സംബന്ധിച്ച് തീരുമാനങ്ങളോരോന്നും രേഖപ്പെടുത്തി കാണുന്നില്ല.ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ പദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ പദ്ധതികൾ അവലോകനം ചെയ്തിട്ടില്ല.

7)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 41 എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടില്ല . മരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായിട്ടുണ്ട്.

8).ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

9) റോഡ് നിർമ്മാണപ്രവൃത്തികളിൽ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

10) ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പാക്കിയതിനാൽ മുഴുവൻ കുടിവെള്ള പദ്ധതികളും ജലനിധിക്ക് കൈമാറി മെയിന്റനൻസ് പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് തന്നെ നേരിട്ട് തുക ചെലവഴിക്കുന്നു. ഉദാഹരണം താഴെ ചേർക്കുന്നു

പ്രോജക്ടിന്റെ പേര് - നാൽപ്പറ്റക്കുന്ന് കുടിവെള്ള പദ്ധതി പമ്പ് ഹൗസ് നിർമ്മാണം,

മോട്ടോർ സ്ഥാപിക്കൽ

പ്രോജക്ടിന്റെ നം. - 205/19

അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 250000

തുക ചെലവഴിച്ചത് -

ബിൽ നം. 84/18-19 തീയതി 19.03.19 തുക 84431

നാൽപ്പറ്റക്കുന്ന് കുടിവെള്ള പദ്ധതിക്കായി പമ്പ് ഹൗസ് നിർമ്മാണം, നിലവിലെ പൈപ്പ് ലൈൻ റിപ്പയർ ചെയ്യൽ, ലൈൻ എക്സ്റ്റൻഷൻ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തകൾക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറായിട്ടില്ല. 140040 രൂപ ലംപ് സം ആയി തുക വകയിരുത്തുകയാണ് ചെയ്തത്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിലും 26.02.20 ന് നടത്തിയ സ്ഥല പരിശോധനയിലും പമ്പ് ഹൗസ് നിർമ്മാണം മാത്രമാണ് നടത്തിയിട്ടുള്ളത്. മറ്റ് പ്രവൃത്തികൾ നടപ്പാക്കാതെ തന്നെ ഫൈനൽ ബിൽ നൽകി പദ്ധതി ലക്ഷ്യം പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പമ്പ് ഹൗസ് നിർമ്മാണം നടത്തിയത് ഗ്രാമപഞ്ചായത്താണെന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ പമ്പ് ഹൗസിൽ നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. ജലനിധി പദ്ധതി നടപ്പിലാക്കുന്ന തദ്ദേശ സ്ഥാപനങ്ങളിലെ കുടിവെള്ള പദ്ധതികൾ ജലനിധി മുഖേന നടപ്പാക്കേണ്ടതാണ്. എന്നാൽ ഈ പദ്ധതി ജലനിധിക്ക് കൈമാറാതെ പദ്ധതി പണം ഉപയോഗിച്ച് പ്രവൃത്തകൾ നടത്തുന്നത് സംബന്ധിച്ച് വിശദീകരികരണം ലഭ്യമാക്കേണ്ടതാണ്.

11)കരാർ വെച്ച പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കികാണുന്നില്ല.

12) പദ്ധതിക്കാവശ്യമായതിൽ കൂടുതൽ തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും കുറഞ്ഞ തുക ചെലവഴിക്കുകയും ചെയ്തതിനാൽ പദ്ധതികൾക്കായി വകയിരുത്തിയ തുക പാഴാവുന്നു. ചില ഉദാഹരണങ്ങൾ.

1.പ്രോജക്ടിന്റെ പേര് - വീട്ടിയാമ്പറ്റ ഹവ്വ ബീച്ച് റോഡ് സൈഡ് കെട്ട്

പ്രോജക്ടിന്റെ നം. - 191/19

അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 4,00,000

ബിൽ നം. 7/18-19 തീയതി 31.03.2019 തുക 2,29,116

പ്രവൃത്തിയുടെ മൂല്യം - 2,29,116

കോൺട്രാക്ടർ - സ്റ്റീഫൻ .പി.എം

2. പ്രോജക്ടിന്റെ പേര് - സി.ടി കവല എക്കമുണ്ട റോഡ് സൈഡ് പ്രൊട്ടക്ഷൻ

പ്രോജക്ടിന്റെ നം. - 188/19

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 2,00,000

ബിൽ നം. 5/18-19 തീയതി 18.05..2018 തുക 1,43,670

പ്രവൃത്തിയുടെ മൂല്യം - 1,43,670

കോൺട്രാക്ടർ - സ്റ്റീഫൻ .പി.എം

മേൽ പദ്ധതികൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് , കരാറിൽ ഏർപ്പെട്ട നിരക്ക് എന്നിവയേക്കാളു വളരെ കുറഞ്ഞ തുകയ്ക്കാണ് പൂർത്തീകരണം നടത്തിയിട്ടുള്ളത്. ചെയ്യേണ്ട പ്രവൃത്തിയേക്കാൾ കൂടുതൽ സ്ഥലത്ത് പ്രവൃത്തി നടത്താനുണ്ടെന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇങ്ങനെ ചെയ്തതിനാൽ പദ്ധതി പണം പാഴായി.

13. പൂർത്തീകരിച്ച പ്രവൃത്തികൾ തന്നെ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നില്ല.

പ്രോജക്ടിന്റെ പേര് - കോറോം പി.എച്ച്.സി ഷീ.ടോയ് ലറ്റ്

പ്രോജക്ടിന്റെ നം. - 156/19

അടങ്കൽ - വികസന ഫണ്ട് - 3,00,000

ബിൽ നം. 58/18-19 തീയതി 11.03.19 തുക 2,96,642

കോൺട്രാക്ടർ - അയ്യൂബ്.കെ.എ

പദ്ധതി പ്രകാരം ഷീ ടോയലറ്റിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇത് ഉപയോഗത്തിനായി തുറന്ന് കൊടുത്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 7/ 26.02.2020 പ്രകാരം അപാകതകൾ ശ്രദ്ധയിൽ-പ്പെടുത്തിയതിന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-23 ഹരിതകർമ്മസേനയുടെ പ്രവർത്തനം തൃപ്തികരമല്ല

സർക്കാർ ഉത്തരവ് സാധാ നം./2420/2017 ത.സ്വ.ഭ.വ തിയ്യതി 15/07/2017 പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ഹരിതകർമ്മസേന രൂപീകരിക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. ഓരോ തദ്ദേശ സ്വയംഭരണ കേന്ദ്രത്തിലെയും ഹരിത കേരളാ മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും യോഗം ചേർന്ന് ഹരിതകർമ്മസേന രൂപീകരിക്കേണ്ടതും ഹരിതകർമ്മസേന രൂപീകരണശേഷം ജനങ്ങളുടെ സമ്പൂർണ്ണ സഹകരണം ഉറപ്പുവരുത്തുന്നതിനായി ഓരോ വീട്ടിലും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ സന്ദേശവും മാലിന്യ സർവ്വേയുടെ വിശദാംശങ്ങളും എത്തിക്കേണ്ടതും കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാലിന്യ സർവ്വെ നടത്തേണ്ടതുമാണ്. ഇതിനാവശ്യമായ പരിശീലനം ഹരിതകർമ്മസേനയ്ക്ക് ഹരിതസഹായ സ്ഥാപനം നൽകേണ്ടതും ഈ സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ ഹരിത സഹായ സ്ഥാപനത്തിന്റെ വിദഗ്ദ്ധർ ക്രോഡീകരിച്ച് ശില്പശാലയിൽ അവതരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണസ്ഥാപന ഭരണസമിതിയുടെ അംഗീകാരം ലഭിച്ചശേഷം മാലിന്യ സംസ്കരണ പരിപാടി ആരംഭിക്കാവുന്നതാണ്.മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച ഹരിതകർമ്മ സേനയുടെ, പ്രവർത്തനവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധിക്കുകയുണ്ടായി.ആയതിൻപ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അംഗീകരിച്ച ബൈലോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. പഞ്ചായത്തിന്റെ 31.10.2018 ലെ സാധാരണ യോഗത്തിലെ 5-ാം നമ്പർ അജണ്ടയിലെ 2-ാം നമ്പർ തീരുമാനപ്രകാരം വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുമ്പോൾ 30/- രൂപയും, വ്യാപാര സ്ഥാപനങ്ങൾക്ക് 100/- രൂപയും വീതം യൂസർഫീ ഈടാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതത് ദിവസങ്ങളിൽ പിരിച്ചെടുത്ത പണം കളക്ഷൻ രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിക്കുകയോ പണം ബാങ്കിൽ അതത് ദിവസം തന്നെ അടവാക്കുകയോ ചെയ്തിട്ടില്ല. ബാങ്കിൽ അടവാക്കിയ പണത്തിന്റെ കൗണ്ടർ ഫോയിൽ സൂക്ഷിച്ചിട്ടില്ല.

3. രശീതിബുക്കുകൾ അച്ചടിച്ച് വരുമ്പോൾ സ്റ്റോക്കിലെടുക്കുന്നില്ല.സ്റ്റോക്കിലെടുക്കാതെ രശീതി ബുക്കുകൾ പണം പിരിവിനായി വിതരണം ചെയ്യുന്നു.

4. രശീതിബുക്കുകളിൽ ആകെയുള്ള പേജുകളുടെ എണ്ണം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.

5. തൊണ്ടർനാട് പഞ്ചായത്തിന്റെ പേരിൽ അച്ചടിച്ച രശീതി പുസ്തകത്തിൽ ഒരു രശീതി നമ്പറിലുള്ള മൂന്ന് പേജുകൾ ഉണ്ട്. ഒറിജിനൽ രശീതിയിൽ എഴുതാതെ

പകർപ്പുകളിൽ കാർബൺ പേപ്പർ ഉപയോഗിച്ച് എഴുതുകയാണ് ചെയ്യുന്നത്. തുക അക്കത്തിലും അക്ഷരത്തിലും എഴുതിയിട്ടില്ല.

6.ഓഡിറ്റിന് സമർപ്പിച്ച വി.ഇ.ഒ സൂക്ഷിക്കുന്ന കളക്ഷൻ രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.രജിസ്റ്റർ പ്രകാരം 04.02.2019 മുതൽ 31.05.2019 വരെയുള്ള കളക്ഷൻ വിവരങ്ങളാണ് എഴുതിയിട്ടുള്ളത്. രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. ഹരിതകർമ്മസേനയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നം. 130251201020292 (വയനാട് ജില്ലാ സഹകരണ ബാങ്ക്, കോറോം) പ്രകാരം 19.12.2019 വരെയുള്ള കളക്ഷൻ തുകയാണ് അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളത്.

8. അക്കൗണ്ട് പ്രകാരം വരവ് 42241/- ,ചെലവ് 10600/- ,നീക്കിയിരിപ്പ് 31641/- ആണ്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

9. പഞ്ചായത്തിന്റെ 31.10.2018 ലെ സാധാരണ യോഗത്തിലെ 5-ാം നമ്പർ അജണ്ടയിലെ 2-ാം നമ്പർ തീരുമാനപ്രകാരം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച ഹരിതകർമ്മസേനയുടെ നാളിതുവരെയുള്ള വാർഡ്കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 13 /2018-19 തീയ്യതി 27.02.2020 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ വാർഡിലെയും നാളിതുവരെയുള്ള പിരിവ് വാർഡ്തല കളക്ഷൻ രജിസ്റ്ററിൽ എഴുതി പൂർത്തീകരിക്കേണ്ടതാണ്. ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട് വി.ഇ.ഒ സൂക്ഷിക്കുന്ന കളക്ഷൻ രജിസ്റ്റർ വാർഡ്തല കളക്ഷൻ രജിസ്റ്ററുമായി ഒത്തുനോക്കി കാലികമാക്കേണ്ടതാണ്.കൂടാതെ വാർഡ് അടിസ്ഥാനത്തിൽ ഇതുവരെ പിരിച്ചെടുത്ത യൂസർഫീ മുഴുവനും ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-24 ലൈഫ് ഭവന പദ്ധതി - പ്രവൃത്തികൾ നടത്താതെ തുക നൽകി

2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് - ഖ – 3-11( ഇ ) യിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ നടത്താതെ തുക നൽകിയതിന് ഓഡിറ്റ് പരാമർശം ഉണ്ടായിരുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ശ്രീ ഒടുക്കൻ പാതിരമന്നം കോളനി എന്ന ഗുണഭോക്താവിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്ത് അദ്ദേഹത്തിന്റെ വീടിന്റെ മേൽക്കൂര, വീട്

വയറിംഗ് പ്രവൃത്തി എന്നിവ പൂർത്തിയാക്കിയിട്ടുള്ളതാണ്. ഫയലിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം കക്കൂസ് നിർമ്മാണം, ചുമര് മേൽക്കൂര എന്നിവയുടെ തേപ്പ് പ്രവൃത്തി, നിലം കോൺക്രീറ്റ്, 18 ജനൽ പാളികളും ഒരു വെന്റിലേറ്ററിന്റെ വാതിലും 5 വാതിലുകളും സ്ഥാപിക്കുകയും ഇവ പെയിന്റ് ചെയ്യേണ്ടതുമാണ്. കൂടാതെ വയറിംഗ് പ്രവൃത്തിക്കുള്ള തുക, നികുതികൾക്കായി വകയിരുത്തിയ തുക എന്നിവയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആകെ 170000 രൂപയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബിൽ നം - 4/2017-18 തീയതി 20/3/2018 മുഖേന 80000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.2018-19 വർഷത്തിൽ പണി പൂർത്തിരിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ ഒടുക്കന് 90000 രൂപയും നൽകിയിട്ടുണ്ട്. ആകെ എസ്റ്റിമേറ്റ് തുകയായ 170000 രൂപയും ഗുണഭോക്താവിന് നൽകി.എസ്റ്റിമേറ്റ് പ്രകാരം വീടിന്റെ വിസ്തീർണ്ണം 50.35 ച.മീറ്ററണാണ്. വീടിന് 3.45 മീറ്റർ പുറം ചുമരുകൾക്ക് ഉയരമുള്ളതായാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

സ്ഥലപരിശോധന നടത്തിയപ്പോൾ , ചുമർ ഭിത്തി പ്ലാസ്റ്ററിംഗ്, 8ജനൽപാളികൾ സ്ഥാപിക്കൽ, 4 വാതിലുകൾ എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഭിത്തികൾ പെയിന്റ് ചെയ്തട്ടുണ്ട്. വാട്ടർ ക്ലോസറ്റ്, പി.വി.സി ഡോർ (എസ്റ്റിമേറ്റ് ഇനം 10) സ്ഥാപിച്ചിട്ടുണ്ട്.മറ്റു പ്രവൃത്തികൾ നടത്തിയതായി കാണുന്നില്ല. മാത്രമല്ല എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ ഉയരം ചുമരുകൾക്ക് ഇല്ല. 3 മീറ്ററിൽ താഴെ ഉയരമാണ് ചുമരുകൾക്ക് ഉള്ളത്. നടത്തിയ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് അനുസരിച്ചുള്ള നിരക്കുകൾ പ്രകാരം താഴെ പറയുന്ന തുകയ്ക്കാണ് അർഹതയുള്ളതായി കാണുന്നത്.

പ്ലാസ്റ്ററിംഗ് ചുമർ (എസ്റ്റിമേറ്റ് പ്രകാരം) - 48087

ജനൽ പാളികൾ സ്ഥാപിക്കൽ 8 എണ്ണം - 7200

(8x900)

വാതിൽ സ്ഥാപിക്കൽ 4എണ്ണം - 12200

(4x3050)

വൈറ്റ് വാഷിംഗ് - 6498

പി.വി.സി വാതിൽ സ്ഥാപിക്കൽ - 2000

വാട്ടർ ക്ലോസറ്റ് സ്ഥാപിക്കൽ - 8000

ആകെ നൽകാവുന്നത് – ₹83,985

ഫയലിനോടൊപ്പം ഹാജരാക്കിയ വാല്വേഷൻ സാക്ഷ്യപത്രം ഐ.റ്റി.ഡി.പി അസി.എഞ്ചിനീയർ നൽകിയതാണ്. പ്രസ്തുത സാക്ഷ്യപത്രം തന്നെ നിയതമായ

രീതിയിലുള്ളതല്ല. പ്രസ്തുത സാക്ഷ്യപത്രത്തിൽ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.വാലേഷൻ സാക്ഷ്യപത്രം പ്രകാരം 35 ച.മീറ്ററാണ് വീടിന്റെ വിസ്തീർണ്ണം.

ആകെ നൽകിയത് 1,70,000/- രൂപയാണ്( CB04/17-18- 80,000/- രൂപ, ചെക്ക് നം. 57687/18.6.2018- 90,000/- രൂപ). എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം 2017- 18 ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത ഭവന നിർമ്മാണത്തിന് ആകെ നൽകാവുന്നത് 83985 രൂപയാണ്. അധികം നൽകിയ 86015 രൂപ (1,70,000-83985) ഉത്തരവാദികളിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 29/05/2019 മുതൽ 30/05/2019 വരെ | .കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)പി.2-399/2019 /19.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 4516211 | ലൈഫ് ജനറൽ (163/19) | 4380979 | 135232 |
| | 2018-19 | 147804 | ലൈഫ് | 0 | 147804 |

| | | | | | |
|---|---|---|---|---|---|
| | | | എസ്.സി.പി (174/19) | | |
| | 2018-19 | 2509143 | ലൈഫ് ടി.എസ്.പി (176/19) | 2490000 | 19143 |
| | 2018-19 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് (40/19) | 200000 | 0 |
| | 2018-19 | 460000 | ക്ഷീരകർഷകർക്ക് ബോണസ് (21/19) | 459331 | 669 |
| | 2018-19 | 59500 | നെൽകൃഷി പ്രോത്സാഹനം ജനറൽ (26/19) | 59500 | 0 |
| | 2018-19 | 77350 | നെൽകൃഷി പ്രോത്സാഹനം ടി.എസ്.പി (176/19) | 77350 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2810190 | ലൈഫ് ജനറൽ (163/19) | 2810190 | 0 |
| | 2018-19 | 1856831 | ലൈഫ് എസ്.സി.പി (174/19) | 1856831 | 0 |
| | 2018-19 | 112000 | ലൈഫ് ടി.എസ്.പി (176/19) | 112000 | 0 |
| | 2018-19 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (40/19) | | |
| | 2018-19 | 800000 | ക്ഷീരകർഷകർക്ക് ബോണസ് (21/19) | 800000 | 0 |
| ആകെ | | 13749029 | | 13446181 | 302848 |

റസീപ്റ്റ് & പേയ്മെന്റ് പ്രകാരം (RP-31 ) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ആകെ തുക 11892082/- രൂപയാണ്. വ്യത്യസം വിശദീകരിക്കേണ്ടതാണ്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ANERT | സോളാർ പാനൽ സ്ഥാപിക്കൽ | (1) 21800713,dtd.21/11/2018,<br>(2).21800780 Dtd.05.01.2019 | 825000 | 637762 | 187237 |

വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ) ഈ തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | കാരുണ്യ സമ്പൂർണ്ണ ഭവന പദ്ധതി | സഉ(എം.എസ്)നം 83/13 തസ്വഭവ 11/03/13 | 20000000 | 12000000 | 1570000 | 1319896 | 10430000 |
| 2 | KURDFC ലൈഫ് പദ്ധതി | സ.ഉ.(എം.എസ്.) 2278/തസ്വഭവ. തിയ്യതി 18/08/18 | 18255051 | 18255051 | - | - | 18255051 |

തൻവർഷം KURDFC യിൽ നിന്നും ലൈഫ് പദ്ധതിയ്ക്ക് 1,82,55,051/- രൂപ ലോൺ വരവുണ്ട്. (R.P. 32) രജിസ്റ്റർ പ്രകാരം വരവായി കാണിച്ചിരിക്കുന്നത് 1,86,99,224/- രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം അറിയിക്കേണ്ടതാണ്.

# 4-6 സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (2017-18 വാർഷിക കണക്കിലെ ഷെഡ്യൂൾ ബി-12 ) 20ലക്ഷം രൂപയാണ്. തൻവർഷം നിക്ഷേപിച്ച തുക (2018 -19 വാർഷിക കണക്കിലെ ഷെഡ്യൂൾ ആർ.പി- 41) 8 ലക്ഷം രൂപയും, തൻവർഷം ലഭിച്ച പലിശ (2018 -19 വാർഷിക കണക്കിലെ ഷെഡ്യൂൾ ഐ-7) 751769രൂപയും മുൻവർഷത്തെ നീക്കിബാക്കിയും ഉൾപ്പെടെ 35,51,769/- രൂപയാണ് നീക്കിബാക്കിയായി വാർഷിക കണക്കിൽ കാണിച്ചിരിക്കുന്നത് (2018-19 ലെ വാർഷിക കണക്കിലെ ഷെഡ്യൂൾ ബി-12). ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. 2018-19 ലെ വാർഷിക കണക്ക് പരിശോധന വേളയിൽ ഓഡിറ്റിന്

ഹാജരാക്കിയ സ്ഥിരനിക്ഷേപത്തിന്റെ രസീതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | രസീതി നമ്പർ | തുക |
|---|---|---|
| തൊണ്ടർനാട് സർവീസ് സഹകരണ ബാങ്ക് | 001001005489/29.03.2019 | 5,00,000 |
| | 001001005490/29.03.2019 | 5,00,000 |
| | 001001005491/29.03.2019 | 5,00,000 |
| വയനാട് ജില്ലാ സഹകരണ ബാങ്ക് | 20004/30.03.2019 | 5,27,119 |
| | 2005/30.03.2019 | 3,00,000 |
| | 20007/01.04.2018 | 5,92,698 |

ഓഡിറ്റ് എൻക്വയറി ( 1/18-19/17.02.2020 ) സെക്രട്ടറി നൽകിയ മറുപടി ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 10,87,964 |
| ആകെ | 30,87,964 |
| തന്നാണ്ടിൽ പിൻവലിച്ച തുക | Nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30,87,964 |

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ സ്ഥിരനിക്ഷേപത്തിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി

തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതും , വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

. .

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 29(1),(2),(3),(4) | 1999 | 47 | മുൻകൂർ പണം നൽകിയ പദ്ധതികൾ നടപ്പാക്കിയില്ല. | |
| 2000-01 | 3-1 | 2006-07 | 3.94.1 | നിരവിൽപ്പുഴ – മുണ്ടങ്ങോത്ത് റോഡ് ടാറിംഗ് പ്രവർത്തിക്ക് കൂടുതൽ തുക നൽകി | -- |

# 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 130656359 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 145058019 |
| [illegible] | | [illegible] |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 21,16,640 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 16,640 | ശ്രീമതി ബീന , അസി. സെക്രട്ടറി |
| 1-15 | 3,00,000 | ഡോ.ടി.ജി ശിവദാസൻ , വെറ്ററിനറി സർജൻ |
| 1-16 | 3,00,000 | ഡോ. ഷമീർ കെ. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-17 | 15,00,000 | യമുന, ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. പുതുശ്ശേരി |
| ആകെ | 21,16,640 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളാ യവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബീന , അസി. സെക്രട്ടറി | സെക്രട്ടറി,തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്. | തലച്ചിറ ഹൗസ് തോണിച്ചാൽ, നല്ലൂർനാട് പി.ഒ. മാനന്തവാടി. |
| യമുന | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. | രാഘവ്, എള്ളുമന്ദം (പി.ഒ.) മാനന്തവാടി. |

| | | |
|---|---|---|
| | പുതുശ്ശേരി | |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1993-94, 1994-95 | എൽ.എഫ്.(ഡബ്ല്യു)പി1-530/98/8/12/1998 |
| 1995-96 | എൽ.എഫ്.(ഡബ്ല്യു)പി1-539/98/6/12/1999 |
| 1996-97 | എൽ.എഫ്.(ഡബ്ല്യു)പി1-330/98/22.6.2019 |
| 1997-98 | എൽ.എഫ്.(ഡബ്ല്യു).പി1-106/99/22.06.2019 |
| 1998-99 | എൽ.എഫ്.(ഡബ്ല്യു).പി4-56/02/22.06.2019 |
| 1999-00 | എൽ.എഫ്.(ഡബ്ല്യു).പി4-200/03/22.06.2019 |
| 2000-01 (പ്ലാൻ) | എൽ.എഫ്.(ഡബ്ല്യു).പി2-98/04/22.06.2019 |
| 2000-01 | എൽ.എഫ്.(ഡബ്ല്യു).പി3/568/05/04.08.06 |
| 2001-02 | എൽ.എഫ്.(ഡബ്ല്യു)പി2-99/2004/27.07.2019 |
| 2002-03 | എൽ.എഫ്.(ഡബ്ല്യു).പി3-481/2008/22.06.2019 |
| 2003-04 | എൽ.എഫ്.(ഡബ്ല്യു).പി3-483/2008/22.06.2019 |
| 2004-05 | എൽ.എഫ്.(ഡബ്ല്യു).പി3/484/08/27.07.2019 |
| 2005-06 | എൽ.എഫ്.(ഡബ്ല്യു).പി3/415/09/22.06.2019 |
| 2006-07 | എൽ.എഫ്.(ഡബ്ല്യു).പി3/418/09/22.06.2019 |
| 2007-08 | എൽ.എഫ്.(ഡബ്ല്യു).പി2/977/14/10.06.2019 |
| 2008-09 | എൽ.എഫ്.(ഡബ്ല്യു).പി3/981/10/03.08.19 |
| 2009-10 | എൽ.എഫ്.(ഡബ്ല്യു).പി3/352/12/3.08.2019 |
| 2010-11 | എൽ.എഫ്.(ഡബ്ല്യു).പി2/191/13/03.08.2019 |
| 2011-12, 2012-13 | എൽ.എഫ്.(ഡബ്ല്യു).പി3/978/14/18.05.15 |
| 2013-14 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2-497/15/17.10.2016 |
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2.425/16 /03.01.2018 |
| 2015-16 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2.852/16 /13.03.2018 |
| 2016-17 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2.540/17 /02.06.2018 |
| 2017-18 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2-39/19/02.08.2019 |

ഡെപ്യൂട്ടി ഡയറക്ടർ, വയനാട്,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഡബ്ല.വൈ.ഡി.പി2-182/20


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121


തിയ്യതി : 23/03/2020


Phone- 04936 203672

Email- dowyd.ksad@kerala.gov.in.


സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4 -ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും/1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ

സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ തൊണ്ടർനാട് പഞ്ചായത്തിന്റെ 31/03/2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറിൻെറ പരിശോധിന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൻെറ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ തൊണ്ടർനാട് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം, വയനാട്.

ന്യൂനതകളുടെ സംഗ്രഹം

1. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറി ച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. ബാലൻസ് ഷീറ്റിലെ B2 ഷെഡ്യൂളിലെ ദുരിതാശ്വാസനിധി എന്ന അക്കൗണ്ട് ശീർഷക പ്രകാരം ബാധ്യത 43,445 രൂപയാണ്. എന്നാൽ B17 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി 32,002/- രൂപയാണ്.

4. Specific purpose grant – കൾക്ക് പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കുന്നില്ല. വിവിധ കേന്ദ്ര വിഹിതമായി ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് . തനത്ഫണ്ട് അക്കൗണ്ടിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തിയുടെയും, ബാധ്യതയുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. എൻ .ആർ.ജി.എ,ജലനിധി, ജില്ലാ പഞ്ചായത്ത് സംയുക്ത പ്രോജക്ടുകൾ എന്നീ അക്കൗണ്ടുകൾ ഒഴികെ മറ്റുള്ള അക്കൗണ്ടുകളിൽ B-4 ഉം B-17 ഉം പൊരുത്തപ്പെടുന്നില്ല.

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B5 ( 2,87,15,051/-) ലെ തുക B16( 1,20,00,000/-) നുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷം KURDFC യിൽ നിന്നും 1,82,85,051 രൂപ ലോൺ വരവുണ്ട് (RP-32).രജിസ്റ്റർ പ്രകാരം വരവായി കാണിച്ചിരിക്കുന്നത് 1,86,99,224 രൂപയുമാണ്.

6.ഡെപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

7. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല.

8.ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 35,51,769/- രൂപ നീക്കിയിരിപ്പുണ്ട് . 29,19,817/- രൂപയുടെ FD രസീതുകൾ മാത്രമാണ് ഭൗതിക പരിശോധയ്ക്ക് ഹാജരാക്കിയിട്ടുള്ളത് .

9. ബാലൻസ് ഷീറ്റ് B-15 ൽ 431100101 ഹെഡിലും,431100104 ഹെഡിലും വസ്തു നികുതി കുടിശ്ശികയായി നെഗറ്റീവ് തുകകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങളും, രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10. വസ്തു നികുതി വിവരങ്ങൾ പൂർത്തീകരിച്ച രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.വസ്തു നികുതിയിനത്തിലെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നീ തുകകൾ സഞ്ചയ റിപ്പോർട്ടും , വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | തന്നാണ്ട് | കുടിശ്ശിക | തന്നാണ്ട് | കുടിശ്ശിക | തന്നാണ്ട് (LC ഉൾപ്പെടെ ) | കുടിശ്ശിക (LC ഉൾപ്പെടെ ) |
| വാർഷിക കണക്ക് | 33,92,738 | 4,09,221 | 29,24,751 | 3,95,005 | -8,31,009 | 75,296 |
| സഞ്ചയ | 29,74,567 | 4,18,163 | 29,21,459 | 4,09,699 | 600 | 10,474 |

11. സ്ഥാപന/ട്രേഡേഴ്സ് തൊഴിൽ നികുതിയിനത്തിൽ ഡിമാന്റ് (I-1 ) 3,19,990 രൂപയും ,കളക്ഷൻ (RP-43 ) 3,75,690 രൂപയും , ബാലൻസ് ( B-15 ) 11,94,959 രൂപയുമാണ്. തൊഴിൽ നികുതി രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല( ഡിമാന്റ്=3,75,690, കളക്ഷൻ =3,75,690 രൂപ).

12. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ,കെട്ടിട നിർമ്മാണ അനുമതി രജിസ്റ്റർ, ക്രമവത്കരണ രജിസ്റ്റർ, ടെണ്ടർ ഫോം രജിസ്ററർ എന്നിവ എഴുതി

പൂർത്തീകരിച്ചിട്ടില്ല.

13.ബാങ്ക് പാസ് ബുക്ക് പ്രകാരം കാനറാ ബാങ്ക് അക്കൗണ്ട് നമ്പർ 1097 ൽ 22,500 രൂപ നീക്കിയിരിപ്പുണ്ട് . പ്രസ്തുത ബാങ്ക് റീകൺസിലേഷൻ നടത്തിയിട്ടില്ല.

14.തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ വാർഷിക കണക്ക് ഇൻകം & എക്സ്പെൻറീച്ചർ ഷെഡ്യൂൾ I-6 ( 7,71,85,883 രൂപ ) ഉം ,I-14(a) ( 7,77,93,768രൂപ ) ഉം പൊരുത്തപ്പെടുന്നില്ല. ക്യാഷ്ബുക്ക് പ്രകാരം ആകെ ചെലവ് 7,66,60,904/- രൂപയുമാണ്. വാർഷിക കണക്ക് റസീപ്റ്റ് & പേയ്മെന്റ് പ്രകാരം (RP-31) പ്രകാരം വരവ് 8,32,733 രൂപയും, ക്യാഷ് ബുക്ക് പ്രകാരം 8,27,116 രൂപയുമാണ്.

15. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

16. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം, വയനാട്.